**"ഭരണഭാഷ മാതൃഭാഷ"**

No. ARCDA/120/2019-A6

പുരാവസ്തു വകുപ്പ് ഡയറക്ടറുടെ ഓഫീസ്
സുന്ദരവിലാസം കൊട്ടാരം
ഫോർട്ട് പി.ഒ.
തിരുവനന്തപുരം - 23
ഫോൺ/ഫാക്സ്:0471-2577465
ഇ-മെയിൽ: dirarch@bsnl.in
വെബ് സൈറ്റ്: archaeology.kerala.gov.in
തീയതി: **30/08/2019**

## പുനർ ലേല നോട്ടീസ്

പുരാവസ്തു വകുപ്പിന്റെ അധീനതയിൽ തമിഴ് നാട്ടിലെ കന്യാകുമാരി ജില്ലയിലെ തക്കലയിലുള്ള പത്മനാഭപുരം കൊട്ടാരത്തിൽ എത്തുന്ന സന്ദർശകരുടെ പാദരക്ഷകൾ, ബാഗുകൾ, ക്യാമറ, വീഡിയോ ക്യാമറ തുടങ്ങിയ വസ്തുക്കൾ സൂക്ഷിക്കുന്ന ക്ലോക്ക് റൂം പ്രവർത്തിപ്പിക്കുന്നതിനുള്ള 1-10-2019 മുതൽ 30-9-2020 വരെയുള്ള ഒരു വർഷത്തെ അവകാശം 2019 സെപ്തംബർ മാസം 24 ആം തീയതി ചൊവ്വാഴ്ച വൈകിട്ട് 3.00 മണിക്ക് തക്കല പത്മനാഭപുരം കൊട്ടാരത്തിൽ വച്ച് പരസ്യമായി ലേലം ചെയ്ത് നൽകുന്നതാണ്. ലേല നിബന്ധനകളും മറ്റ് വ്യവസ്ഥകളും ചുവടെ ചേർക്കുന്നു.

1) ലേലത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ള വ്യക്തികൾ ലേലസമയത്തിന് കുറഞ്ഞത് ഒരു മണിക്കൂർ മുമ്പായി, നിരതദ്രവ്യമായി 12,600/- രൂപ (പന്ത്രണ്ടായിരത്തി അറുന്നൂറ് രൂപാ മാത്രം) കൊട്ടാരം ഓഫീസിൽ അടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

2) അടിസ്ഥാനലേലത്തുക Rs.5,03,685/-( അഞ്ചു ലക്ഷത്തി മൂവായിരത്തി അറുന്നൂറ്റി എൺപത്തി അഞ്ചു രൂപ മാത്രം) ആയിരിക്കും.

3) ജി.എസ്.ടി. യും ആദായ നികുതിയും ഒഴികെയുള്ള തുക ആണ് ലേലമായി വിളിക്കേണ്ടത്. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ പുരാവസ്തു വകുപ്പ് ഡയറക്ടറുടെ അന്തിമ തീരുമാനത്തിന് വിധേയമായി ലേലം ഉറപ്പിച്ച് നൽകുന്നതാണ്. ലേലം സംബന്ധിച്ച് പുരാവസ്തു വകുപ്പ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും.

4) ലേലം ഉറപ്പിച്ചു കഴിഞ്ഞാൽ ഉടൻ തന്നെ ലേലം കൊള്ളുന്ന വ്യക്തിയുടേത് ഒഴിച്ച് മറ്റുള്ളവരുടെ നിരതദ്രവ്യത്തുക തിരികെ നൽകുന്നതാണ്. ലേലം കൊണ്ട വ്യക്തിയുടെ നിരതദ്രവ്യം കരാറിൽ ഏർപ്പെട്ട് കഴിഞ്ഞാലുടൻ അദ്ദേഹത്തിന്റെ അപേക്ഷ പ്രകാരം തിരികെ നൽകുന്നതാണ്.

5) ലേലം ഉറപ്പിച്ചു കഴിഞ്ഞാൽ ഉടൻ തന്നെ ലേലം കൊള്ളുന്ന വ്യക്തി ലേലത്തുക ഒറ്റ ഗഡുവായി, 18% ജി.എസ്.ടി. യും പാൻ കാർഡ് സമർപ്പിക്കുന്ന പക്ഷം 2% ശതമാനം ആദായ നികുതിയും, അല്ലാത്തപക്ഷം 20% ആദായ നികുതിയും കൂടി ലേലത്തുകയോടൊപ്പം അധികമായി ചേർത്ത് കൊട്ടാരം ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.

6) കരാറിൽ ഏർപ്പെടുന്നതിന് മുമ്പായി അടിസ്ഥാന ലേലത്തുകയുടെ 5 % തുക വകുപ്പിന്റെ പേരിൽ വകുപ്പ് ഡയറക്ടർ നിർദ്ദേശിക്കുന്നത് പ്രകാരം ഡെപ്പോസിറ്റായി നൽകേണ്ടതാണ്. ടി തുക ലേലക്കാലയളവ് പൂർത്തിയാകുമ്പോൾ തിരികെ

നൽകുന്നതാണ്.

7) ലേലാവകാശം ഉറപ്പിച്ചു കഴിഞ്ഞാൽ ലേലം കൊള്ളുന്ന വ്യക്തി ലേലാവകാശം വിനിയോഗിക്കുന്നതുമായി ബന്ധപ്പെട്ട നിബന്ധനകൾ സംബന്ധിച്ച് വകുപ്പ് ഡയറക്ടറുമായി വകുപ്പ് നിർദ്ദേശിക്കുന്ന സമയപരിധിക്കുള്ളിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.

8) പ്രവർത്തിദിവസങ്ങളിൽ 9 am മുതൽ 5 pm വരെയാണ് കൊട്ടാരത്തിലെ സന്ദർശനസമയം. ലേലം കൊള്ളുന്ന വ്യക്തി 1-10-2019 മുതൽ 30-9-2020 വരെയുള്ള ഒരു വർഷക്കാലയളവിൽ കൊട്ടാരത്തിന്റെ എല്ലാ പ്രവർത്തി ദിനങ്ങളിലും രാവിലെ 9 മണി മുതൽ അവസാന സന്ദർശകൻ സന്ദർശനം പൂർത്തിയാക്കി മടങ്ങി എത്തുന്നതുവരെ, ക്ളോക്ക് റൂം പ്രവർത്തിപ്പിക്കേണ്ടതാണ്. സന്ദർശനസമയത്തിന് മാറ്റം വരികയാണെങ്കിൽ വകുപ്പ് ഡയറക്ടറുടെ രേഖാമൂലമുള്ള നിർദ്ദേശപ്രകാരം സമയ ക്രമീകരണം നടത്തേണ്ടതാണ്.

9) ക്ളോക്ക് റൂമിൽ വസ്തുക്കൾ സൂക്ഷിക്കുന്നതിന് സന്ദർശകരിൽ നിന്ന് ഈടാക്കാവുന്ന പരമാവധി ഫീസ് താഴെപ്പറയുന്നത് പ്രകാരമാണ്.

i) ചെരുപ്പ് ജോഡി ഒന്നിന് - 2/- രൂപ

ii) ബാഗ്, ക്യാമറ -10/- രൂപ

iii) വീഡിയോ ക്യാമറ - 20 /- രൂപ

ടി തുകകൾ ഈടാക്കുമ്പോൾ തന്നെ രസീത്/കൂപ്പൺ നൽകേണ്ടതും സന്ദർശകർ തിരികെ എത്തുമ്പോൾ അവർ സൂക്ഷിക്കുവാൻ ഏൽപ്പിച്ച വസ്തുക്കൾ വേഗത്തിലും സുരക്ഷിതമായും തിരികെ ഏല്പിക്കേണ്ടതുമാണ്.

10) ഫീസ് നിരക്കുകൾ സംബന്ധിച്ച വിവരം മലയാളത്തിലും തമിഴിലും ഇംഗ്ലീഷിലും ചാർജ് ചാർജ് ഓഫീസർ നിർദ്ദേശിക്കുന്നത് പ്രകാരം ക്ലോക്ക് റൂമിൽ പരസ്യപ്പെടുത്തേണ്ടതാണ്.

11) ക്ളോക്ക് റൂം പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് ഡയറക്ടറോ കൊട്ടാരം ചാർജ് ഓഫീസറോ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

12) ലേലം കൊള്ളുന്ന വ്യക്തിയോ അദ്ദേഹത്തിന്റെ ജീവനക്കാരോ വകുപ്പിന്റെ വസ്തുവകകൾക്ക് യാതൊരുവിധ നാശനഷ്ടങ്ങളും ഉണ്ടാക്കുവാൻ പാടില്ലാത്തതും അപ്രകാരം നാശനഷ്ടം ഉണ്ടായാൽ അതിനുള്ള നഷ്ട പരിഹാരമായി വകുപ്പ് ഡയറക്ടർ നിശ്ചയിക്കുന്ന തുക ഡെപ്പോസിറ്റ് തുകയിൽ നിന്നോ നിയമ പ്രകാരമായ മറ്റ് രീതിയിലോ ഈടാക്കുവാൻ വകുപ്പ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

13) ലേലാവകാശക്കാലയളവിൽ ഏത് സമയത്തും, പ്രത്യേക കാരണം ബോധിപ്പിക്കാതെ തന്നെ, ഒരു മാസത്തെ മുൻകൂർ നോട്ടീസ് നൽകിക്കൊണ്ട് ലേലാവകാശം റദ്ദ് ചെയ്യുവാൻ വകുപ്പ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. അങ്ങനെ ചെയ്യുമ്പോൾ ലേലത്തുകയുടെ അവശേഷിക്കുന്ന ലേലക്കാലയളവിലേയ്ക്കുള്ള ആനുപാതികമായ തുക ഇപ്രകാരം ലേലാവകാശം അവസാനിപ്പിക്കുന്ന

കാലയളവിനുള്ളിൽ പലിശ ഇല്ലാതെ തിരികെ നൽകുന്നതാണ്.

14) ലേലസമയത്തിനു മുമ്പ് ഏത് സമയത്തും ലേലനിബന്ധനകളിലോ ലേലതീരുമാനത്തിലോ ഭേദഗതികൾ വരുത്തുന്നതിനോ ലേലം മാറ്റി വയ്ക്കുന്നതിനോ വകുപ്പ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതും അപ്രകാരം ഭേദഗതികൾ വന്നാൽ ആയത് www.archaeology.kerala.gov.in എന്ന വെബ് സൈറ്റിൽ 'tenders' എന്ന ലിങ്കിൽ പ്രസിദ്ധപ്പെടുത്തുന്നതുമാണ്.

15) ഈ നോട്ടീസിൽ നിശ്ചയിച്ചിരിക്കുന്ന സമയത്ത് അവധി മൂലമോ മറ്റ് ഏതെങ്കിലും കാരണത്താലോ ലേലം നടക്കാതെ വരികയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തിദിവസം അതേ സമയത്ത് അതേ സ്ഥലത്ത് വച്ച് ലേലം നടത്തുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് വകുപ്പ് ഡയറക്ടറുടെ ഓഫീസിലോ പത്മനാഭപുരം കൊട്ടാരം ഓഫീസിലോ ഓഫീസ് സമയങ്ങളിൽ അന്വേഷിക്കാവുന്നതാണ്. (ഫോൺ നം. വകുപ്പ് ഡയറക്ടറുടെ ഓഫീസ് - 0471- 2577465, പത്മനാഭപുരം കൊട്ടാരം ഓഫീസ് - 04651- 250255)

,

Signature Not Verified
Digitally signed by SONA K R
Date: 2019.08.30 16:55:02 IST
Reason: Approved

ഡയറക്ടർ
പുരാവസ്തുവകുപ്പ്